പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1900

15/07/2016 ൽ മറുപടിക്ക്

## ആട് വളർത്തലിന് സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. വീണാ ജോർജ്ജ്:** | അഡ്വ കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | എ) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൂന്ന് ആട് ഫാമുകളും രണ്ട് ആട്ടുവളർത്തൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ആയവ ചുവടെ ചേർക്കുന്നു.<br><br>**ആട് ഫാം**<br>1. ഗോട്ട് ഫാം , പാറശ്ശാല<br>2. ഗോട്ട് ഫാം, അട്ടപ്പാടി<br>3. ഗോട്ട് ഫാം, കൊമേരി<br><br>**ആട് വളർത്തൽ യൂണിറ്റുകൾ**<br>1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്<br>2. ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല<br>ആട്ടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികളിൽ ലഭ്യമാണ്. 2016 -17 സാമ്പത്തിക വർഷത്തിൽ ആട്ടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 1.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) ആട് വളർത്തലിന് സബ്സിഡി നൽകാൻ ആലോചിക്കുന്നുണ്ടോ; | ബി) ആട് വളർത്തലിന് സബ്സിഡി സഹായം മൃഗസംരക്ഷണ വകുപ്പ് നൽകുന്നുണ്ട്. 5 പെൺ ആട്ടും , ഒരു ആൺ ആട്ടും ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുവാൻ കർഷകന് 25000/- രൂപ സബ്സിഡി സഹായമായി നൽകുന്നു. 2016-17 ൽ ഇത്തരം 680 യൂണിറ്റുകൾ സ്ഥാപിക്കുവാനായി 1.7കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

Barthoshlaly

സെക്ഷൻ ഓഫീസർ